# പതിനാലാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2019-2021)

## നാല്പത്തൊന്നാമത് റിപ്പോർട്ട്

(2019 ജൂലൈ മാസം 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2011-2014)-യുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## നാല്പത്തൊന്നാമത് റിപ്പോർട്ട്

(2019 ജൂലൈ മാസം 2-ാം തീയതി സഭയിൽ സമർപ്പിച്ചത്

**[സമിതി (2011-2014)-യുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

790/2019.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | .. | 21 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

*ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

*29-5-2019-ൽ നിയമസഭാംഗത്വം രാജി വച്ചു.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021)-യുടെ 41-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2011-2014)-യുടെ രണ്ടാമത് റിപ്പോർട്ടിലെ (ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2019 ജൂൺ മാസം 25-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാ വേളയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി*

തിരുവനന്തപുരം,
2019 ജൂലൈ 2.

# റിപ്പോർട്ട്

## അദ്ധ്യായം 1

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014) യുടെ രണ്ടാമത് റിപ്പോർട്ടിലെ (ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് ) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014) യുടെ 2-ാമത് റിപ്പോർട്ട്, 2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 19 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സർക്കാർ/ഓഡിറ്റിൽ നിന്നും ലഭിച്ച മറുപടി 14-12-2016, 11-4-2018 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധികവിവരങ്ങൾ ആരായുകയും 4-1-2017, 19-10-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ തെളിവെടുപ്പ് നടത്തുകയും ചെയ്തു.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പ്, സമിതി ആരാഞ്ഞ അധികവിവരം, തുടർശിപാർശകൾ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

1.5 റിപ്പോർട്ടിലെ ശിപാർശ ഖണ്ഡിക 75 സംബന്ധിച്ച് നാളിതുവരെ യാതൊരു മറുപടിയും സർക്കാരിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ശിപാർശ തുടർശിപാർശയായി അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

### സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും തുടർ ശിപാർശകളും

#### ഖണ്ഡിക നമ്പർ 6

#### ശിപാർശ

2.1.1 കോടതി സ്റ്റേ വെക്കേറ്റ് ചെയ്ത് വകുപ്പുതല നടപടി മുഖേന പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. സി. ആർ. ധനപാലനിൽ നിന്നും ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.2 സെക്രട്ടറി ശ്രീ. ധനപാലനിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ ടി തുക ഈടാക്കുന്നതിന് 8-3-2008-ലെ എ 4-112/08 കത്ത്, ഇടുക്കി ജില്ലാ കളക്ടർ മുഖാന്തിരം പാലക്കാട് ജില്ലാ കളക്ടർക്ക് റിക്വിസിഷൻ സമർപ്പിക്കുകയും ആയതിൻപ്രകാരം തഹസിൽദാർ 30-6-2008-ൽ ആർ.ആർ. നടപടി സ്വീകരിക്കുകയും അതിനെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ W.P.C. 21815(5) അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസ് നാളിതുവരെ കോടതി പരിഗണനയ്ക്ക് എടുത്തിട്ടില്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്. ടി കേസ് വിചാരണയ്ക്ക് എടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റിനോട് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. W.P.C. 21815/2008 നമ്പർ കേസിന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ നിലനിൽക്കുന്നതിനാൽ വകുപ്പുതല നടപടി മുഖേന പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കാൻ സാധിച്ചിട്ടില്ല. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന ടി കേസ് അവധിക്ക് ശേഷം പരിഗണിക്കുന്നതാണെന്ന് പഞ്ചായത്തിനുവേണ്ടി ഹാജരാകുന്ന അഡ്വക്കേറ്റ് 16-4-2014-ൽ കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.1.3 ഖണ്ഡികയിലെ നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച് കോടതി വിധിയുടെ വിശദാംശം, നഷ്ടം വകുപ്പുതല നടപടികളിലൂടെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, നിലവിലെ സ്ഥിതി എന്നിവ എത്രയുംവേഗം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 16-10-2014, 11-11-2014 എന്നീ തീയതികളിൽ കത്ത് മുഖേനയും ഫോണിലൂടെ നേരിട്ടും ആവശ്യപ്പെട്ടിട്ടും ആവശ്യമായ വിവരം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

<u>14-12-2016-ലെ സമിതി യോഗതീരുമാനം</u>

2.1.4 പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി, ആയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിലുണ്ടായ വീഴ്ച എന്നിവ സംബന്ധിച്ച് 4-1-2017-ൽ ചേരുന്ന യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

<u>4-1-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി</u>

2.1.5 റിപ്പോർട്ടിലെ ശിപാർശ പ്രകാരം സർക്കാർ സ്വീകരിച്ച നടപടികൾ സമിതി ആരാഞ്ഞതിന് പ്രസ്തുത കേസിൽ നഷ്ടോത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. ധനപാലൻ ബഹു. ഹൈക്കോടതിയിൽ നിന്നും വാങ്ങിയ സ്റ്റേ നിലനിൽക്കുകയാണെന്നും സ്റ്റേ മാറ്റിക്കിട്ടുന്നതിനായി പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി പഞ്ചായത്ത് ചുമതലപ്പെടുത്തിയിരുന്ന അഡ്വക്കേറ്റ് മരണമടഞ്ഞതിനെത്തുടർന്ന് അദ്ദേഹത്തിന്റെ മകനാണ്

ഇപ്പോൾ കേസ് നടത്തുന്നതെന്നും പീരുമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള സമിതി ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ യഥാസമയം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും പ്രസ്തുത സർക്കലർ പ്രകാരം ഓഡിറ്റിനായി വരുമ്പോൾ ആ സമയത്തുള്ള ഉദ്യോഗസ്ഥർ രേഖകൾ ഹാജരാക്കണമെന്നും അത് പാലിച്ചില്ലെങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കാവുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. പ്രസ്തുത സർക്കലർ പ്രകാരം നടപടി സ്വീകരിച്ച ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് 2006-07 കാലഘട്ടത്തിലാണ് സർക്കലർ പുറപ്പെടുവിച്ചിട്ടുള്ളതെന്നും 1997 മുതൽ 2005 വരെയുള്ള കാലഘട്ടത്തിൽ ഇത് സംബന്ധിച്ച് പഞ്ചായത്തുകൾക്ക് വ്യക്തമായ നിർദ്ദേശങ്ങളോ ഉത്തരവുകളോ ഒന്നും നൽകപ്പെട്ടിരുന്നില്ലെന്നും അക്കൗണ്ട്സ് എഴുതി സൂക്ഷിക്കുന്നതിന് നിശ്ചിത ഫാറങ്ങൾ ഉണ്ടായിരുന്നില്ലെന്നും കൂടാതെ അന്ന് ഓഡിറ്റ് നടത്തിയിരുന്നത് അഞ്ചും പത്തും വർഷങ്ങൾക്ക് ശേഷമായിരുന്നുവെന്നും ആ സാഹചര്യത്തിലാണ് രേഖകൾ നഷ്ടപ്പെട്ടു പോകുന്നതായുള്ള പരാതി പ്രധാനമായും ഉണ്ടായിരുന്നതെന്നും എന്നാൽ 2006-07 കാലഘട്ടത്തിലാണ് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കലർ പ്രകാരം നടപടി സ്വീകരിക്കുന്നതിൽ തീരുമാനമായിട്ടുള്ളതെന്നും അതിനുശേഷം ഇത്തരം പരാതികൾ ലഭിക്കാറില്ലെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതി മുമ്പാകെ വെളിപ്പെടുത്തി.

## 4-1-2017-ലെ സമിതി യോഗതീരുമാനം

2.1.6 മരണമടഞ്ഞ അഡ്വക്കേറ്റിന്റെ സ്ഥാനത്ത് കേസ് നടത്തുവാൻ അദ്ദേഹത്തിന്റെ മകന് പുതിയ വക്കാലത്ത് നൽകിയോ എന്ന സമിതിയുടെ ചോദ്യത്തിന് അവ്യക്തമായ വിശദീകരണമാണ് പഞ്ചായത്ത് സെക്രട്ടറി നൽകിയിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി, ഓഡിറ്റ് വകുപ്പ് ആവശ്യപ്പെടുന്ന രേഖകൾ നൽകാത്തതിനാലാണ് പ്രസ്തുത വിഷയത്തിൽ വീണ്ടും തെളിവെടുപ്പ് നടത്തേണ്ടിവന്നതെന്നും എന്നാൽ 2008-ൽ നൽകിയ വിശദീകരണം തന്നെയാണ് 2017-ലും പഞ്ചായത്തധികൃതർ നൽകിക്കൊണ്ടിരിക്കുന്നതെന്നും ചൂണ്ടിക്കാട്ടി. പരാമർശ വിധേയനായ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്ന് വിരമിച്ചതിനാലും പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിലും കോടതിവിധി വന്നതിനുശേഷമേ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടു.

പീരുമേട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പ്രസ്തുത റിപ്പോർട്ടിലെ സമിതി ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റ്

വകുപ്പിന് ലഭ്യമാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി, രേഖകൾ ഉണ്ടായിരിക്കെ അവ യഥാസമയം ഓഡിറ്റിന് ഹാജരാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ചു.

സമിതി നിർദ്ദേശമുണ്ടായിട്ടും പരാമർശ വിധേയനായ മുൻ സെക്രട്ടറി ശ്രീ. ധനപാലനെതിരെയുള്ള കേസിൽ കോടതി സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും. യാതൊരു ഇടർനടപടിയും കൈക്കൊണ്ടിട്ടില്ല എന്ന് ചൂണ്ടിക്കാണിച്ച സമിതി കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്നും പ്രസ്തുത നടപടി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കി 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചു

## ഇടർശിപാർശ

**2.1.7 പീരുമേട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പ്രസ്തുത ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി, രേഖകൾ ഉണ്ടായിരിക്കെ അവ യഥാസമയം ഓഡിറ്റിന് ഹാജരാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ കൈക്കൊള്ളണമെന്ന് ശിപാർശ ചെയ്യുന്നു.**

**2.1.8 സമിതി നിർദ്ദേശമുണ്ടായിട്ടും പരാമർശ വിധേയനായ മുൻ സെക്രട്ടറി ശ്രീ. ധനപാലനെതിരെയുള്ള കേസിൽ ബഹു. കോടതിയുടെ സ്റ്റേ നീക്കിക്കിട്ടുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു ഇടർനടപടിയും ഉണ്ടായിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്നും പ്രസ്തുത നടപടി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കി 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 10

## ശിപാർശ

2.2.1 18,425 രൂപയുടെ പലിശ കൂടി (29,848 രൂപ) ഉത്തരവാദിയായ കൃഷി ഓഫീസർ ശ്രീ. ജോർജ്ജ് വി. തോമസിൽ നിന്നും ഈടാക്കണമെന്നും തുക ഈടാക്കിയതിന്റെ വൗച്ചറും രസീതുകളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ കാണിച്ച് ബോധ്യപ്പെടുത്തി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ശ്രീ. ജോർജ്ജ് വി. തോമസിൽ നിന്നും പലിശ തുകയായ 29,848 രൂപ ഈടാക്കുന്നതിന് പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ശ്രീ. ജോർജ്ജ് വി. തോമസ് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 15-1-2010-ന് സ്റ്റേ ഉത്തരവ് സമ്പാദിക്കുകയും ചെയ്തു. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിച്ചതിന് ശേഷം ടി കേസ് അവിടേക്ക് മാറ്റിയെങ്കിലും കോടതി വെക്കേഷനിലായതിനാൽ ഇതുവരെയും വിധി ഉണ്ടായിട്ടില്ലെന്ന് അഡ്വക്കേറ്റ് 23-4-2014-ൽ ടെലിഫോൺ മുഖാന്തിരം അറിയിച്ചിട്ടുണ്ടെന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മപരിശോധനാ കുറിപ്പ്

2.2.3 ശ്രീ. ജോർജ്ജ് വി. തോമസ് ബഹു. ഹൈക്കോടതിയിൽ നൽകിയ കേസിന്റെ വിധി പകർപ്പ്, ആയതനുസരിച്ച് സ്വീകരിച്ച നടപടി, പലിശ ഈടാക്കിയതിന്റെ വിശദാംശം എന്നിവ എത്രയുംവേഗം ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 16-10-2014, 11-11-2014 എന്നീ തീയതികളിൽ കത്തുമുഖേനയും ഫോണിലൂടെയും ആവശ്യപ്പെട്ടിട്ടും ആവശ്യമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

## 14-12-2016-ലെ സമിതി യോഗതീരുമാനം

2.2.4 പ്രസ്തുത വിഷയം സംബന്ധിച്ച വിവരങ്ങൾ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത വീഴ്ച സംബന്ധിച്ച് 4-1-2017-ൽ ചേരുന്ന യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

## 4-1-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി

2.2.5 സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിലുണ്ടായ വീഴ്ച സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് മാതൃകാ നേന്ത്രവാഴത്തോട്ട നിർമ്മാണ പദ്ധതിയ്ക്കായി ചെലവാക്കിയ 18,425 രൂപ ആരോപണ വിധേയനായ കൃഷി ഓഫീസർ തിരിച്ചടച്ചിട്ടുണ്ടെന്നും ഇപ്പോൾ പലിശയ്ക്കുവേണ്ടിയുള്ള കേസാണ് നടക്കുന്നതെന്നും ഹൈക്കോടതിയിലായിരുന്ന പ്രസ്തുത കേസ് ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് മാറ്റിയിരിക്കുകയാണെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട്

ആരോപണവിധേയനായ കൃഷി ഓഫീസർ സമിതി യോഗത്തിൽ ഹാജരായിട്ടുണ്ടെന്നും വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു തുടർന്ന് ശ്രീ. ജോർജ്ജ് വി. തോമസ് സമിതി മുമ്പാകെ നൽകിയ വിശദീകരണം ചുവടെ ചേർക്കുന്നു:

പദ്ധതി കാലയളവിലെ ജില്ലാ കളക്ടറായിരുന്ന ശ്രീ. പദ്മനാഭനാണ് മാതൃകാ വാഴത്തോട്ട നിർമ്മാണ പദ്ധതി തയ്യാറാക്കിയതെന്നും അന്ന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസറായിരുന്ന തനിക്ക് അഡീഷണൽ ചാർജ്ജ് വന്നതിന്റെ അടിസ്ഥാനത്തിൽ കളക്ടറുടെ നിർദ്ദേശപ്രകാരമാണ് പദ്ധതിയുമായി സഹകരിച്ചതെന്നും പദ്ധതിക്കായി കണ്ടെത്തിയ സ്ഥലത്തിന്റെ അനുയോജ്യതയെക്കുറിച്ച് അന്നേ കളക്ടറെ ബോധ്യപ്പെടുത്തിയിരുന്നുവെന്നും എന്നാൽ കളക്ടറുടെ നിർബന്ധത്തിന് വഴങ്ങി പ്രസ്തുത പദ്ധതിയുമായി മുമ്പോട്ട് പോയെങ്കിലും വാഴത്തൈ ലഭ്യമല്ലാത്തതിനാൽ അന്ന് പൂർത്തീകരിക്കുവാൻ സാധിച്ചില്ലെന്നും അഡീഷണൽ ചാർജ്ജ് ഒഴിഞ്ഞശേഷം പകരം വന്ന കൃഷി ഓഫീസർക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശമൊന്നും പിന്നീട് ലഭിച്ചില്ലെന്നും പദ്ധതി ആരംഭത്തിൽ കളക്ടറുടെ നിർദ്ദേശപ്രകാരം പ്രവർത്തിച്ചതുകൊണ്ട് മാത്രമാണ് തനിക്ക് നഷ്ടപ്പെട്ട തുക ഒടുക്കേണ്ടിവന്നതെന്നും ഇപ്പോൾ പലിശ അടയ്ക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും, എന്നാൽ പ്രസ്തുത വിഷയത്തിൽ താൻ നിരപരാധിയാണെന്നും സമിതി മുമ്പാകെ വെളിപ്പെടുത്തി.

പരാമർശ വിധേയനായ വ്യക്തി പ്രിൻസിപ്പൽ തുക അടച്ചതിലൂടെ ടിയാന് ബാധ്യതയുണ്ടെന്ന് അംഗീകരിച്ചിരിക്കുകയാണെന്നും നിലവിലുള്ള സർക്കാർ നിയമമനുസരിച്ച് പലിശ കൂടി അടയ്ക്കേണ്ടതാണെന്നും അതിന് പ്രത്യേക ഉത്തരവിന്റെ ആവശ്യമില്ലെന്നും ടിയാന് ഇതിനെതിരെ സർക്കാരിൽ അപ്പീൽ നൽകാവുന്നതാണെന്നും ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

നഷ്ടത്തുകയുടെ പലിശയായ 29,848 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച് നിരവധി തവണ ആവശ്യപ്പെട്ടിട്ടും ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാത്തതിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് ഗ്രാമപഞ്ചായത്തിൽ നിന്നും കൃത്യമായ വിവരങ്ങൾ സമയബന്ധിതമായി ലഭിക്കാത്തതിനാലാണ് സമിതി നിർദ്ദേശങ്ങളിന്മേൽ മറുപടി നൽകുവാൻ സാധിക്കാത്തതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പരാമർശം സംബന്ധിച്ച വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം ആരാഞ്ഞപ്പോൾ വാഴത്തോപ്പ് പഞ്ചായത്തിൽ സെക്രട്ടറിയായി സ്ഥാനമേറ്റിട്ട് രണ്ട് മാസമേ ആയിട്ടുള്ളുവെന്ന് ടിയാൻ സമിതി മുമ്പാകെ ബോധിപ്പിച്ചു.

## 4-1-2017-ലെ സമിതി യോഗതീരുമാനം

2.2.6 വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സ്ഥാനമേറ്റിട്ട് രണ്ട് മാസമേ ആയിട്ടുള്ളുവെന്ന വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും 1997-98 കാലഘട്ടത്തിലുണ്ടായ പ്രശ്നത്തിലാണ് 2017-ലും തെളിവെടുപ്പ് നടത്തുന്നതെന്നും സമിതി ആവർത്തിച്ച് ചോദിച്ചിട്ടും അവ ലഭ്യമാക്കാത്ത പഞ്ചായത്തിന്റെ നിരുത്തരവാദപരമായ നടപടിയെ ലാഘവത്തോടെ കാണാൻ കഴിയുകയില്ലെന്നും നിലവിലെ സെക്രട്ടറി സ്ഥാനമേറ്റിട്ട് രണ്ട് മാസമേ ആയിട്ടുള്ളുവെങ്കിലും മുൻ ഉദ്യോഗസ്ഥരുടെ തുടർച്ചയായി മാത്രമേ സമിതിക്ക് കാണാൻ കഴിയുകയുള്ളുവെന്നും നിയമസഭാ സമിതിക്ക് മറുപടി നൽകുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നതിൽ ഉത്തരവാദപ്പെട്ട ഭരണ വകുപ്പ് ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ കോടതി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് 15 ദിവസത്തിനകം ഓഡിറ്റ് മുഖേന ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## ഇടക്കാലശിപാർശ

**2.2.7 പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേസ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന 15 ദിവസത്തിനുള്ളിൽ ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**2.2.8 സമിതി ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്ത വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം നിയമസഭാ സമിതിക്ക് മറുപടി നൽകുന്ന വിഷയത്തിൽ അതിന്റെ പ്രാധാന്യം അനുസരിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകുന്നതിന് ഭരണ വകുപ്പ് ശ്രദ്ധ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 64

### ശിപാർശ

2.3.1 മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ട് ഓഡിറ്റ് പരാമർശങ്ങളിലും ഉൾപ്പെട്ട വസ്തുതകൾ ഒരിക്കൽ കൂടി വിശദമായി പരിശോധിച്ചതിനുശേഷം സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് ഓഡിറ്റ് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. അതിനുശേഷം ഇക്കാര്യത്തിൽ മേൽനടപടി ശിപാർശ ചെയ്യുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മപരിശോധനാ കുറിപ്പ്

2.3.2 മണ്ണിര കമ്പോസ്റ്റ്, ജൈവവള വിതരണവുമായി ബന്ധപ്പെട്ട ഖണ്ഡിക :

പീരുമേട് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നടത്തിയ പരിശോധനയിൽ മണ്ണിര കമ്പോസ്റ്റിനായി നൽകിയ 96,250 രൂപ 12-6-2011-ൽ പീരുമേട് മാർക്കറ്റിംഗ് സൊസൈറ്റിയിൽ ലഭിച്ചതായും ജൈവവളം നെടുങ്കണ്ടം കൃഷി ഓഫീസർക്ക് നൽകിയതായും മാർക്കറ്റിംഗ് സൊസൈറ്റിയുടെ സെക്രട്ടറി അറിയിച്ചു. ജൈവവളം കൈപ്പറ്റിയെങ്കിലും വിതരണം നടത്തിയത് പരിശോധിക്കാൻ യാതൊരു രേഖകളും ലഭിച്ചിട്ടില്ല.

ഹ്രസ്വകാല കൃഷിക്കുള്ള സബ്സിഡി പദ്ധതിവിഹിതം 2,00,000 രൂപയുമായി ബന്ധപ്പെട്ട ഖണ്ഡിക :

ജൈവവളത്തിന്റെ വിലയായ 49,500 രൂപ സംഘത്തിൽ ലഭിക്കുകയോ ഇതുസംബന്ധിച്ച് യാതൊരു ഇടപാടും നടത്തുകയോ ചെയ്തിട്ടില്ലെന്ന് സൊസൈറ്റി സെക്രട്ടറി അറിയിച്ചു.

11-4-2018-ലെ സമിതി യോഗതീരുമാനം

2.3.4 മണ്ണിര കമ്പോസ്റ്റ്, ജൈവവള വിതരണം, ഹ്രസ്വകാല കൃഷിക്കുള്ള സബ്സിഡി എന്നീ ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട പ്രസ്തുത ശിപാർശ ഖണ്ഡികയിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമർപ്പിച്ച സൂക്ഷ്മപരിശോധനാ റിപ്പോർട്ട് പരിഗണിച്ച സമിതി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

**ഇടക്കാലശിപാർശ**

**2.3.5 കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 74

ശിപാർശ

2.4.1 ചെക്ക് ലീഫും കൗണ്ടർ ഫോയിലും മോഷ്ടിച്ച് അപഹരിച്ച 1,69,505 രൂപയും, തമിഴ് വോട്ടേഴ്സ് ലിസ്റ്റിന്റെ അച്ചടിക്കായി പിൻവലിച്ച 15,000 രൂപയിൽ കൈപ്പറ്റ് രസീതുള്ള 9,000 രൂപ കഴിച്ച് ബാക്കി 6,000 രൂപയും വിശദാംശങ്ങളില്ലാതെ

ട്രഷറിയിൽനിന്നും പിൻവലിച്ച 1,32,146 രൂപയും ചേർത്ത് ആകെ 3,07,651 രൂപ പലിശ സഹിതം ശ്രീ. പി. ജി. മോഹനന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും ഈടാക്കണമെന്നും ഡി.സി.ആർ.ജി.-യിലെ തുക അപര്യാപ്തമാണെങ്കിൽ ബാക്കിവരുന്ന തുക ആർ.ആർ. നടപടിയിലൂടെയും ഈടാക്കി ആയതിന്റെ വിശദാംശം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.4.2 അച്ചടക്ക നടപടി, വിജിലൻസ് കേസ് മുതലായവ തീർപ്പാക്കാതെ നിലനിൽക്കുന്നതിനാൽ പെൻഷൻ ക്ലിയറൻസ് നാളിതുവരെ പഞ്ചായത്ത് ഡയറക്ടർ അനുവദിച്ച് നൽകിയിട്ടില്ലായെന്നും ഇക്കാരണത്താൽ ടിയാന്റെ പ്രൊവിഷണൽ പെൻഷൻ പുതുക്കുന്നതിനോ ഡി.സി.ആർ.ജി. അനുവദിക്കുന്നതിനോ കഴിഞ്ഞിട്ടില്ലായെന്നും ഇക്കാരണത്താൽത്തന്നെ ടിയാന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും ബാധ്യതാ തുക ഈടാക്കാൻ കഴിയാത്ത സാഹചര്യമാണെന്നും 8-4-2014-ലെ എ.വി.എസ്.1-474/14 നമ്പർ കത്തുപ്രകാരം കോട്ടയം ഡി.ഡി.പി. അറിയിച്ചിട്ടുണ്ട്.

വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27-7-2012-ലെ കത്തുപ്രകാരം ബാധ്യതാ തുക ഈടാക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് കത്ത് അയച്ചിട്ടുള്ളതാണ്. എന്നാൽ ടിയാന്റെ മേൽവിലാസം കണ്ടുപിടിക്കാൻ സാധിക്കാത്തതിനാൽ ആർ. ആർ. നടപടി സ്വീകരിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.4.3 ശ്രീ. പി. ജി. മോഹനന് എതിരെ 21-5-2007-ൽ ആർ.ആർ. ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെങ്കിലും മേൽവിലാസത്തിൽ വ്യത്യാസം ഉള്ളതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. തുടർന്ന് കോട്ടയം ഡി.ഡി.പി. ഓഫീസിൽ നിന്നും ലഭ്യമാക്കിയതുപ്രകാരം 25-6-2013-ൽ ഫോം നമ്പർ 24-ൽ ഉള്ള ആർ.ആർ. റിക്വിസിഷൻ സമർപ്പിക്കുകയും ഓൺലൈനായി 12-6-2014-ൽ കോട്ടയം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി 15-12-2014-ലെ എ 1-2064/2014-ാം നമ്പർ കത്തിലൂടെ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

14-12-2016-ലെ സമിതി യോഗതീരുമാനം

2.4.4 പ്രസ്തുത വിഷയം സംബന്ധിച്ച സർക്കാർ മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും പെൻഷൻ വാങ്ങുന്ന ട്രഷറിയുമായി ബന്ധപ്പെട്ട് പെൻഷനറുടെ നിലവിലെ മേൽവിലാസം കണ്ടെത്തി തുക ഈടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനകം ലഭ്യമാക്കുവാനും റിപ്പോർട്ട് ലഭ്യമാക്കാത്തപക്ഷം പ്രസ്തുത ശിപാർശ ഖണ്ഡികയിന്മേൽ തെളിവെടുപ്പ് നടത്തുന്നതിനും തീരുമാനിച്ചു.

19-10-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി

2.4.5 ആർ. ആർ. നടപടി സ്വീകരിക്കുന്നതിനായി കോട്ടയം കളക്ടറേറ്റിലേയ്ക്ക് വിവരം കൈമാറുകയും അവിടെ നിന്ന് തഹസിൽദാർക്ക് കത്ത് നൽകുകയും ചെയ്തിരുന്നുവെങ്കിലും ആളെ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന മറുപടിയാണ് ലഭിച്ചിരിക്കുന്നതെന്ന് വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. ഇപ്പോൾ എല്ലാ ട്രഷറി അക്കൗണ്ടുകളും ആധാറുമായി ബന്ധപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഉത്തരവാദിയായ ശ്രീ. പി. ജി. മോഹനൻ പെൻഷൻ വാങ്ങുന്ന ട്രഷറിയുമായി ബന്ധപ്പെട്ടാൽ ടിയാനെ കണ്ടെത്തുന്നതിന് എളുപ്പമാണെന്നും പ്രസ്തുത വിവരം കണ്ടെത്തിയതിനുശേഷം ആയത് പഞ്ചായത്ത് ഡയറക്ടറെ അറിയിക്കണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു. എൽ.എസ്.ജി.ഡി. ഡയറക്ടറുടെ 21-3-2017-ലെ ഉത്തരവ് പ്രകാരം ശ്രീ. പി. ജി. മോഹനന്റെ പെൻഷനിൽ നിന്നും 300 രൂപ വീതം തിരിച്ചുപിടിക്കാൻ ഉത്തരവായിട്ടുണ്ടെന്ന് വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ചു. 300 രൂപ വീതം തിരിച്ച് പിടിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ധനാപഹരണം നടത്തിയ പെൻഷനറിൽ നിന്നും പണം തിരികെ പിടിക്കുന്നുണ്ടെന്ന് പഞ്ചായത്ത്‌രാജ് മാസിക വഴി വ്യാപകമായ പ്രചാരണം നൽകണമെന്നും ഇത് ഇത്തരത്തിലുള്ള തെറ്റ് ആവർത്തിക്കുന്നത് ഒഴിവാക്കാൻ സഹായകരമാകുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

**ഇടക്കാല ശിപാർശ**

**2.4.6 നഷ്ടത്തുക പൂർണ്ണമായും ഈടാക്കി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 78

ശിപാർശ

2.5.1 കേസുമായി ബന്ധപ്പെട്ട് കോടതി വിധിയായോ എന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.5.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 7-11-2006-ലെ എൽ.എഫ്.11295/ സ്പെഷ്യൽ സെൽ/(എസ്.സി2)/05 പ്രകാരം ടി നഷ്ടത്തിന് ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. പി. ഡി. രവീന്ദ്രനെതിരെ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിരുന്നു. ടി സർട്ടിഫിക്കറ്റിനെതിരെ ശ്രീ. പി. ഡി. രവീന്ദ്രൻ, ഒ.പി.16/10-4-2007 പ്രകാരം ഇടുക്കി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ബഹു. കോടതി ടി സർചാർജ്ജ് സർട്ടിഫിക്കറ്റ് തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു. ജില്ലാ കോടതിയുടെ വിധിക്കെതിരെ

ബഹു. കേരള ഹൈക്കോടതിയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് 656/2009-ാം നമ്പരായി റിട്ട് അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. ടി വിവരം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതിയുടെ മുമ്പാകെ ഹാജരായി റിപ്പോർട്ട് സമർപ്പിച്ചപ്പോൾ ബഹു. ഹൈക്കോടതിയുടെ അന്തിമ തീർപ്പിന് വിധേയമായി തീരുമാനമെടുക്കാമെന്ന നിലപാടാണ് സമിതി കൈക്കൊണ്ടത്. പ്രസ്തുത കേസ് ബഹു. ഹൈക്കോടതി അവസാനമായി 8-12-2011-ൽ വാദം കേൾക്കുകയുണ്ടായി. പ്രസ്തുത കേസ് അന്തിമ വിധിക്കായി ബഹു. ഹൈക്കോടതി മുമ്പാകെ പെന്റിംഗിലാണ് എന്നും കേസ് തീർപ്പ് ആയിട്ടില്ല എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.5.3 ശ്രീ. പി. ഡി. രവീന്ദ്രനെതിരെയുള്ള റിട്ട് അപ്പീൽ ഫയൽ നമ്പർ 656/09 ഹൈക്കോടതിയിൽ പെന്റിംഗിലായതിനാൽ ആയതിന്റെ തീർപ്പിന് വിധേയമായി മാത്രമേ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21-10-2014-ലെ എ-769/2010-ാം നമ്പർ കത്തിലൂടെ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

**തുടർശിപാർശ**

**2.5.4 കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചും റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 80

ശിപാർശ

2.6.1 കേസുമായി ബന്ധപ്പെട്ട് കോടതി വിധിയായോ എന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 7-11-2006-ലെ എൽ.എഫ്.11295/ സ്പെഷ്യൽ സെൽ/(എസ്.സി2)/05 പ്രകാരം ടി നഷ്ടത്തിന് ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. പി. ഡി. രവീന്ദ്രനെതിരെ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിരുന്നു. ടി സർട്ടിഫിക്കറ്റിനെതിരെ ശ്രീ. പി. ഡി. രവീന്ദ്രൻ ഒ.പി.16/10-4-2007 പ്രകാരം ഇടുക്കി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ബഹു. കോടതി ടി സർചാർജ്ജ് സർട്ടിഫിക്കറ്റ് തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു. ജില്ലാ കോടതിയുടെ വിധിക്കെതിരെ ബഹു. കേരള ഹൈക്കോടതിയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് 656/2009-ാം നമ്പരായി റിട്ട് അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. ടി വിവരം ലോക്കൽ

ഫണ്ട് അക്കൗണ്ട്സ് സമിതിയുടെ മുമ്പാകെ ഹാജരായി റിപ്പോർട്ട് സമർപ്പിച്ചപ്പോൾ ബഹു. ഹൈക്കോടതിയുടെ അന്തിമ തീർപ്പിനു വിധേയമായി തീരുമാനമെടുക്കാമെന്ന നിലപാടാണ് സമിതി കൈക്കൊണ്ടത്. പ്രസ്തുത കേസ് ബഹു. ഹൈക്കോടതി അവസാനമായി 8-12-2011-ൽ വാദം കേൾക്കുകയുണ്ടായി. പ്രസ്തുത കേസ് അന്തിമ വിധിക്കായി ബഹു. ഹൈക്കോടതി മുമ്പാകെ പെന്റിംഗിലാണ് എന്നും കേസ് തീർപ്പ് ആയിട്ടില്ല എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.6.3 ശ്രീ. പി. ഡി. രവീന്ദ്രനെതിരെയുള്ള റിട്ട് ഫയൽ നമ്പർ 656/09 ഹൈക്കോടതിയിൽ പെന്റിംഗിലായതിനാൽ ആയതിന്റെ തീർപ്പിന് വിധേയമായി മാത്രമേ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21-10-2014-ലെ എ-769/2010 നമ്പർ കത്തിലൂടെ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

**<u>ഇടക്കാലശിപാർശ</u>**

**2.6.4 കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചും റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 93</u>

<u>ശിപാർശ</u>

2.7.1 മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ട് ഓഡിറ്റ് ഖണ്ഡികകളിലും ഉൾപ്പെട്ട് ഈടാക്കാനുള്ള ആകെ തുകയായ 80,762 രൂപ പലിശ സഹിതം മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. കെ ഹരിലാലിൽ നിന്നും ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.7.2 ശ്രീ. ടി. കെ. ഹരിലാൽ കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ കടയ്ക്കൽ പഞ്ചായത്തിനുണ്ടായ നഷ്ടം 80,762 രൂപ പലിശ സഹിതം ഈടാക്കുന്നതിനായി ടിയാന്റെ സ്ഥലം ജപ്തി ചെയ്യുന്നതിനുള്ള ഉത്തരവ് കൊട്ടാരക്കര തഹസിൽദാർ പുറപ്പെടുവിച്ചിട്ടുള്ളതും ടിയാന്റെ പേരിലുള്ള തലവൂർ വില്ലേജിലെ 992-ാം നമ്പർ തണ്ടപ്പേർ പ്രകാരമുള്ള 12.95 ആർസ് നിലം ജപ്തി ചെയ്തിട്ടുള്ളതായി 4-3-2014-ലെ ഡി3-9162/12 നമ്പർ കത്ത് പ്രകാരം പത്തനാപുരം തഹസിൽദാർ അറിയിച്ച വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22-4-2014-ലെ എ 1-81/13 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.7.3 ശ്രീ. ടി. കെ. ഹരിലാലിൽ നിന്ന് ജപ്തി ചെയ്ത സ്ഥലത്തിന്റെ ലേല നടപടികൾ നടത്തി ലേലത്തുക കടയത്തൂർ ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിന് അറിയിച്ചുകൊണ്ട് കൊട്ടാരക്കര തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 4-12-2014-ലെ എ.2909/2014-ാം നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

തുടർ ശിപാർശ

**2.7.4 ജപ്തി ചെയ്ത സ്ഥലത്തിന്റെ ലേല നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്നും ലേലത്തിൽ എത്ര തുക ലഭിച്ചുവെന്നും ലേലത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയോ എന്നും ആയത് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ടോ എന്നും സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം III

**സർക്കാരിന്റെ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയുള്ള മറുപടികളും**

ഖണ്ഡിക നമ്പർ 12

ശിപാർശ

3.1.1 പൈപ്പ്ലൈനുകളുടെ പണി പൂർത്തിയായിട്ടുണ്ടെന്ന ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.1.2 ഇടുക്കി ജില്ലാ ഓഡിറ്റ് മേധാവിയുടെ 14-8-2012-ലെ എൽ.എഫ്.ഐ 3/584/12-ാം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിരിക്കുന്നു.

ഖണ്ഡിക നമ്പർ 14

ശിപാർശ

3.2.1 ഊർജ്ജ സംരക്ഷണ ഉപാധിയെന്ന നിലയ്ക്കാണ് ചൂടാറാപ്പെട്ടി വിതരണം നടത്തിയതെന്നും കുക്കിംഗ് വെസ്സൽ എന്ന വിഭാഗത്തിൽ ഇത് ഉൾപ്പെടില്ല എന്നുമുള്ള ഓഡിറ്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.2.2 ഇടുക്കി ജില്ലാ ഓഡിറ്റ് മേധാവിയുടെ 14-8-2012-ലെ എൽ.എഫ്.ഐ 3/584/12-ാം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിരിക്കുന്നു.

ഖണ്ഡിക നമ്പർ 22

ശിപാർശ

3.3.1 പ്രോജക്ട് റിപ്പോർട്ട് ഉൾപ്പെടെ എല്ലാ രേഖകളും അഗ്രികൾച്ചർ ഓഫീസർ പഞ്ചായത്ത് സെക്രട്ടറി മുഖേന 15 ദിവസത്തിനകം ഇടുക്കി ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുന്നു. അല്ലാത്തപക്ഷം 57,000 രൂപ അഗ്രികൾച്ചർ ഓഫീസറുടെ ബാധ്യതയായി കണക്കാക്കി വകുപ്പ് മുഖേന ഈടാക്കാൻ നടപടി സ്വീകരിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.3.2 1. കൃഷി ഓഫീസറായ ശ്രീ. ജോർജ്ജ് വി. തോമസിനോട് പ്രോജക്ട് സംബന്ധിച്ച എല്ലാ രേഖകളും പഞ്ചായത്ത് സെക്രട്ടറി മുഖേന ഇടുക്കി ലോക്കൽ ഫണ്ട് അധികാരികൾക്ക് മുമ്പാകെ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് കണ്ടെത്താൻ കഴിയാത്തതിനാൽ ടിയാന് രേഖകൾ സമർപ്പിക്കാൻ കഴിഞ്ഞില്ല. ഇക്കാര്യം 3-8-2001 തീയതിയിൽ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ ഈ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. പഞ്ചായത്തിന് നഷ്ടമായ 57,000 രൂപ ശ്രീ. ജോർജ്ജ് വി. തോമസിൽ നിന്നും ഈടാക്കി നൽകുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 12-9-2012-ൽ കത്ത് സമർപ്പിച്ചു.

3. ആലപ്പുഴ ജില്ലയിൽ ആല ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ശ്രീ. ജോർജ്ജ് വി.തോമസിനെ 11-9-2012, 29-10-2012 എന്നീ തീയതികളിൽ ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന രേഖാമൂലം തുക ഒടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിപ്പ് നൽകിയിരുന്നു.

4. മേൽ വിഷയം സംബന്ധിച്ച് ശ്രീ. ജോർജ്ജ് വി. തോമസിന്റെ വിശദീകരണം ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 27-9-2012-ലും ഇടുക്കി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 27-2-2013-ലും സമർപ്പിച്ചു.

5. ഇടുക്കി ലോക്കൽ ഫണ്ട് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 22-10-2013-ലെ എൽ.എഫ്.ഐ 13/1082/13 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ട്സ്

കമ്മിറ്റിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സത്യവാങ്മൂലം പരിഗണിക്കാവുന്നതല്ല എന്നും തടസ്സം തുടരുകയാണെന്നും അറിയിച്ചിട്ടുണ്ട്.

6. നാളിതുവരെ ശ്രീ. ജോർജ്ജ് വി. തോമസിൽ നിന്നും റിക്കവറി നടത്തി തുകയൊന്നും പഞ്ചായത്തിൽ ലഭ്യമായിട്ടില്ലാത്തതാണ്.

7. 9-1-2014-ലെ എ 1/3071/2013 നമ്പർ കത്ത് മുഖേന അടിയന്തരമായി ശ്രീ.ജോർജ്ജ് വി. തോമസിൽ നിന്നും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം 57,000 രൂപ ഈടാക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ അടയ്ക്കണമെന്ന് കാണിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് (ആലപ്പുഴ) പഞ്ചായത്ത് സെക്രട്ടറി കത്ത് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതാണ്.

8. 15-10-2012-ലെ എം.1-11670/12 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ തുക പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

9. കല്ലുപ്പാറ കൃഷി ഓഫീസറായാണ് ടിയാൻ ഇപ്പോൾ ജോലി ചെയ്യുന്നത് എന്ന് അന്വേഷണത്തിൽ അറിയുന്നതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.3.3 ശ്രീ. ജോർജ്ജ് വി. തോമസിൽ നിന്നും നഷ്ടം ഈടാക്കാൻ ആർ.ആർ. നടപടി സ്വീകരിക്കാൻ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ 26-5-2014-ലെ പി5/932/2012 നമ്പർ കത്തുപ്രകാരം ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടെങ്കിലും യാതൊരു നടപടിയും സ്വീകരിക്കാതെ 4-8-2014-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29-ാം നമ്പർ തീരുമാനപ്രകാരം തടസ്സം ഒഴിവാക്കാൻ നിയമസഭാസമിതിയോട് അപേക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ഖണ്ഡികയിലെ നഷ്ടം നാളിതുവരെ ഈടാക്കിയിട്ടില്ല. 1999-2000 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ബഹു. നിയമസഭാ സമിതി നിർദ്ദേശിച്ചിട്ടും രേഖകൾ ഹാജരാക്കാതിരുന്ന സാഹചര്യത്തിലാണ് നഷ്ടത്തുക ഈടാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നത്. ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതി നിർവ്വഹണത്തിൽ യാതൊരു അപാകതയും സംഭവിച്ചിട്ടില്ല എന്നുള്ള 4-8-2014-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം രേഖകൾ പരിശോധിക്കാതെയുള്ളതാണെന്ന് വ്യക്തമാണ്. ആയതിനാൽ പ്രസ്തുത തീരുമാനം അംഗീകരിക്കാവുന്നതല്ല.

14-12-2016-ലെ സമിതി യോഗതീരുമാനം

3.3.4 കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടിയിൽ കൂടുതൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതി നിർവ്വഹണത്തിൽ യാതൊരു അപാകതയും സംഭവിച്ചിട്ടില്ല എന്ന 4-8-2014-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം രേഖകൾ പരിശോധിക്കാതെയാണെന്നുള്ള ഓഡിറ്റിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ആയത് സംബന്ധിച്ച് 4-1-2017-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു

4-1-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി

3.3.5 സമിതി ശിപാർശ നടപ്പാക്കാത്തതിനുള്ള കാരണവും സർക്കാർ തീരുമാനവും സമിതി ആരാഞ്ഞതിനെത്തുടർന്ന് നടീൽ വസ്തുക്കളുടെ വിതരണത്തിന് അധിക സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള പദ്ധതിക്ക് സാധൂകരണം നൽകാമെന്ന് 4-8-2014-ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നതായി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു

ആരോപണവിധേയനായ നിർവ്വഹണോദ്യോഗസ്ഥൻ ശ്രീ. ജോർജ്ജ് വി. തോമസ് സമിതി മുമ്പാകെ നൽകിയ വിശദീകരണം

3.3.6 2005-ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പ്രസ്തുത വിഷയം സംബന്ധിച്ച് തെളിവെടുപ്പ് നടത്തിയപ്പോൾ ഡി.പി.സി. അംഗീകരിച്ച പ്രോജക്ട് അതേപടി നടപ്പിലാക്കുകയാണ് താൻ ചെയ്തതെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ റിവ്യൂ ഓഡിറ്റ് നടത്താമെന്ന് നിർദ്ദേശിക്കുകയും ഇതിൻപ്രകാരം 21-5-2005-ന് നടന്ന റിവ്യൂ ഓഡിറ്റിംഗിൽ ഡി.പി.സി. അംഗീകരിച്ച പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതെന്ന് ബോധ്യപ്പെട്ടതായും ഓഡിറ്റിംഗ് സമയത്ത് പ്രസ്തുത പ്രോജക്ട് റിപ്പോർട്ടുകൾ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് പകരം അവിടത്തെ എൽ.ഡി.ക്ലാർക്കായിരുന്ന ശ്രീ. സതീഷ് ചന്ദ്രനാണ് കൃഷി ഭവനിൽ നിന്നും വാങ്ങി ഓഡിറ്റിംഗിന് സമർപ്പിച്ചതെന്നും താൻ അന്ന് പത്തനംതിട്ട ജില്ലയിലായിരുന്നു ജോലി ചെയ്തിരുന്നതെന്നും ഓഡിറ്റിംഗിനുശേഷം പ്രസ്തുത റിപ്പോർട്ടുകൾ പഞ്ചായത്തിലാണ് സൂക്ഷിച്ചിരുന്നതെന്നും സമിതിയെ അറിയിച്ചു.

4-1-2017-ലെ സമിതി യോഗതീരുമാനം

3.3.7 ഡി.പി.സി. അംഗീകരിച്ച പ്രോജക്ടാണ് കൃഷി ഓഫീസർ നടപ്പിലാക്കിയതെന്ന് ഹാജരാക്കിയ രേഖകളിൽ നിന്ന് വ്യക്തമായതായും കൃഷി വകുപ്പിന്റെ 100% സബ്സിഡി എന്ന മാനദണ്ഡം സ്വീകരിച്ചതാണ് പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് ഇടയാക്കിയതെന്നും അഭിപ്രായപ്പെട്ട സമിതി ടി വിഷയത്തിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിച്ചു

ഖണ്ഡിക നമ്പർ 27

ശിപാർശ

3.4.1 കൺവീനർക്ക് നൽകിയ അധിക തുക ഈടാക്കിയതിനാലും ഒടിയപാറ ലക്ഷംവീട് കോളനി റോഡ് പണി പൂർത്തിയാക്കിയതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.4.2 ഇടുക്കി ജില്ലാ ഓഡിറ്റ് മേധാവിയുടെ 14-8-2012-ലെ എൽ.എഫ്.ഐ3/584/12-ാം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 31

ശിപാർശ

3.5.1 ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 2-8-2004-ലെ എൽ.എഫ്7/307/02 നമ്പർ അന്തര റിപ്പോർട്ട് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുള്ളതാകയാൽ തുടർനടപടി അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.5.2 ഇടുക്കി ജില്ലാ ഓഡിറ്റ് മേധാവിയുടെ 14-8-2012-ലെ എൽ.എഫ്.ഐ3/584/12-ാം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 33

ശിപാർശ

3.6.1 കുളം നിർമ്മാണം-ഉടമസ്ഥത ഉറപ്പുവരുത്താതെ സ്ഥലം വാങ്ങി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ-ഉടമസ്ഥാവകാശം സംബന്ധിച്ച് ആദ്യം തർക്കം ഉണ്ടായിരുന്നുവെന്നും പിന്നീട് ഉടമസ്ഥന് അനുകൂലമായി കേസ്സിന്റെ വിധി വന്നുവെന്നും ഇപ്പോൾ പ്രശ്നങ്ങളെല്ലാം തീർന്നുവെന്നും അമ്പത്തിയഞ്ചോളം കുടുംബങ്ങൾ കുളം ഉപയോഗിക്കുന്നുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.6.2 ഇടുക്കി ജില്ലാ ഓഡിറ്റ് മേധാവിയുടെ 14-8-2012-ലെ എൽ.എഫ്.ഐ3/584/12-ാം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 45

ശിപാർശ

3.7.1 പോളിടെക്നിക് കെട്ടിട നിർമ്മാണം സ്ഥലമെടുപ്പ് ഒഴിവാക്കാമായിരുന്ന ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നിരാകരണം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.7.2 ഇടുക്കി ജില്ലാ ഓഡിറ്റ് മേധാവിയുടെ 14-8-2012-ലെ എൽ.എഫ്.ഐ3/584/12-ാം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 47

ശിപാർശ

3.8.1 പഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ ഓഡിറ്റ് വകുപ്പ് ശിപാർശ ചെയ്തതിന്റെ വെളിച്ചത്തിൽ പ്രസ്തുത തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.8.2 ഇടുക്കി ജില്ലാ ഓഡിറ്റ് മേധാവിയുടെ 14-8-2012-ലെ എൽ.എഫ്.ഐ3/584/12-ാം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 52

ശിപാർശ

3.9.1 ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ മുഴുവൻ തുകയും വിതരണം ചെയ്തതുവഴി പഞ്ചായത്തിന് നഷ്ടപ്പെട്ട 1,20,000 രൂപ ഉത്തരവാദിയായ വെറ്ററിനറി സർജൻ ഡോ. മാത്യു തോമസിന്റെ പക്കൽ നിന്നും ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.9.2 ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ മുഴുവൻ തുകയും വിതരണം ചെയ്ത വെറ്ററിനറി സർജൻ ഡോ. മാത്യു തോമസിൽ നിന്നും 1,24,550 രൂപ ഈടാക്കുന്നതിന് 29-9-2003-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ്

ഡയറക്ടർ സർചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് പ്രകാരം ടി തുക ആർ.ആർ. നടപടിയിലൂടെ ഈടാക്കുന്നതിന് ജില്ലാ കളക്ടറോട് 20-9-2006-ൽ അർത്ഥനാപത്രം നൽകിയിട്ടുള്ളതും ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ട് 16-9-2008-ൽ ജില്ലാ കളക്ടർക്ക് ഓർമ്മക്കുറിപ്പ് സമർപ്പിച്ചിട്ടുള്ളതുമാണ്. തുടർന്ന് ടി റിക്വിസിഷൻ കളക്ടറേറ്റിൽ ലഭ്യമല്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓൺലൈനിലൂടെ 24-7-2012-ൽ പുതിയ റിക്വിസിഷൻ നമ്പർ ആർ.ആർ. 2012/3826/6 പ്രകാരം ആർ. ആർ. പുനർസമർപ്പിച്ചിട്ടുള്ളതുമാണ്. 19-9-2013-ൽ എ 2-3951/2012 നമ്പർ ആയി നെടുങ്കണ്ടം റവന്യൂ റിക്കവറി തഹസിൽദാർ ടി ജീവനക്കാരനെ ശിക്ഷണ നടപടികളുടെ ഭാഗമായി സർവ്വീസിൽ നിന്നും നിർബന്ധിത പെൻഷൻ ആക്കിയിരിക്കുന്നതിനാൽ തുക ഈടാക്കാൻ നിർവ്വാഹമില്ലായെന്നും. ടിയാൻ തൊടുപുഴ താലൂക്കിൽ താമസമാണ് എന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ടിയാന്റെ വ്യക്തമായ മേൽവിലാസം ലഭ്യമല്ലാത്തതിനാൽ ആയത് നൽകണമെന്ന് അഭ്യർത്ഥിച്ച് ജില്ലാ വെറ്ററിനറി ഓഫീസർക്ക് 12-10-2013-ൽ കത്ത് നൽകുകയും ആയതിന് മറുപടി ലഭിക്കാത്തതിനാൽ 2-12-2013-ൽ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിരുന്നു. 13-1-2014-ൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർ ബി2-6891/12 നമ്പരായി നൽകിയിട്ടുള്ള കത്തിൽ ടി മൃഗഡോക്ടർക്ക് പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ബാധ്യതാ/ബാധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല എന്ന് അറിയിച്ചിരിക്കുന്നു. ടി കത്തിൽ ടിയാന്റെ റിട്ടയർമെന്റ് മേൽവിലാസ പ്രകാരം റവന്യൂ റിക്കവറി നടപടികൾക്കായി റവന്യൂ അധികാരികൾ നടത്തിയ അന്വേഷണത്തിൽ ഇപ്പോൾ ടിയാൻ ടി മേൽവിലാസത്തിൽ താമസമില്ല എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണ് ഉള്ളത് എന്ന് 25-4-2014-ലെ എ 3-4194/14 നമ്പർ കത്ത് പ്രകാരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.9.3 മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള 25-4-2014 എക്സ്2-18424/13 വി.ജി. നമ്പർ കത്ത് അനുസരിച്ച് ഡോ. മാത്യു തോമസിന് നിർബന്ധിത പെൻഷൻ നൽകി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ടിയാൻ മരണപ്പെട്ടതായി അറിയാൻ കഴിഞ്ഞുവെന്നും അറിയിച്ചിരിക്കുന്നു. ഡോ. മാത്യു തോമസിൽ നിന്നും ആർ. ആർ. നടപടികളിലൂടെ തുക ഈടാക്കി എടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും നഷ്ടം ഈടാക്കാൻ 2-5-2014-ൽ മൃഗസംരക്ഷണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 9-12-2014-ലെ എ 3-10504/14 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. നഷ്ടത്തുക നാളിതുവരെ ഈടാക്കിയിട്ടില്ല.

<u>ഖണ്ഡിക നമ്പർ 87</u>

<u>ശിപാർശ</u>

3.10.1 ബാധ്യതാ തുക പൂർണ്ണമായും കൃഷി ഓഫീസറിൽ നിന്നും ഈടാക്കിയ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിനുള്ള തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.10.2 ഇടുക്കി ജില്ലാ ഓഡിറ്റ് മേധാവിയുടെ 14-8-2012-ലെ എൽ.എഫ്.ഐ3/584/12-ാം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 98

ശിപാർശ

3.11.1 മുൻ സെക്രട്ടറി ശ്രീ. റ്റി. എം. ജോർജ്ജിന്റെ DCRG-യിൽ നിന്നും ബാധ്യതാ തുക പൂർണ്ണമായും ഈടാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.11.2 ഓഡിറ്റ് പരാമർശ തുകയായ 1,09,182 ശ്രീ. റ്റി. എം. ജോർജ്ജിന്റെ ഡി. സി. ആർ. ജി.-യിൽ നിന്നും ഈടാക്കി 21-5-2010-ൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കവരുത്തിയിട്ടുണ്ട് എന്നുള്ള വിവരം 20-6-2013-ലെ എ1-2517/06 നമ്പർ കത്ത് പ്രകാരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.11.3 ശ്രീ. റ്റി. എം. ജോർജ്ജിന്റെ ഡി. സി. ആർ. ജി.-യിൽ നിന്നും കുറവ് ചെയ്ത തുക 1,09,182 ഗ്രാമപഞ്ചായത്തിന്റെ വി. പി. എഫ്. എ1 അക്കൗണ്ടിൽ 25-1-2010-ൽ വരവ് വെച്ചതിന്റെയും 29-1-2010-ൽ ക്യാഷ് ബുക്കിൽ വരവ് വന്നതിന്റെയും പകർപ്പ് സഹിതം 4-12-2014-ലെ എ-2909/2014-ാം നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

## അദ്ധ്യായം IV

**സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തതും എന്നാൽ മറുപടി ലഭ്യമാക്കേണ്ടിയിരുന്നതുമായ മുൻ റിപ്പോർട്ടിലെ ശിപാർശ**

ഖണ്ഡിക നമ്പർ 75

ശിപാർശ

**4.1 അതോടൊപ്പം പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തണമെന്നും ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 ജൂലൈ 2.

<u>അനുബന്ധം</u>

**പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/ വകുപ്പ് | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.7 | തദ്ദേശസ്വയംഭരണം | പീരുമേട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പ്രസ്തുത ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി, രേഖകൾ ഉണ്ടായിരിക്കെ അവ യഥാസമയം ഓഡിറ്റിന് ഹാജരാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ കൈക്കൊള്ളണമെന്ന് ശിപാർശ ചെയ്യുന്നു. |
| 2 | 2.1.8 | ,, | സമിതി നിർദ്ദേശമുണ്ടായിട്ടും പരാമർശ വിധേയനായ മുൻ സെക്രട്ടറി ശ്രീ. ധനപാലനെതിരെയുള്ള കേസിൽ ബഹു. കോടതിയുടെ സ്റ്റേ നീക്കി ക്കിട്ടുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു തുടർനടപടിയും ഉണ്ടായിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്നും പ്രസ്തുത നടപടി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കി 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.2.7 | ,, | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേസ് ബഹു. അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന 15 ദിവസത്തിനുള്ളിൽ ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 2.2.8 | തദ്ദേശസ്വയംഭരണം | സമിതി ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്ത വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം നിയമസഭാ സമിതിക്ക് മറുപടി നൽകുന്ന വിഷയത്തിൽ അതിന്റെ പ്രാധാന്യം അനുസരിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകുന്നതിന് ഭരണ വകുപ്പ് ശ്രദ്ധ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 2.3.5 | ,, | കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള റവന്യു റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 2.4.6 | ,, | നഷ്ടത്തുക പൂർണ്ണമായും ഈടാക്കി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 2.5.4 | ,, | കേസ്സിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചും റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 2.6.4 | ,, | കേസ്സിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചും റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 2.7.4 | ,, | ജപ്തി ചെയ്ത സ്ഥലത്തിന്റെ ലേല നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്നും ലേലത്തിൽ എത്ര തുക ലഭിച്ചുവെന്നും ലേലത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയോ എന്നും ആയത് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ടോ എന്നും സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 4.1 | ,, | അതോടൊപ്പം പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തണമെന്നും ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.